# ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത

**ഇടയലേഖനം 7**

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

## റൂഹാദ്ക്കുദ്ശാ : ജീവദാതാവായ സ്നേഹം

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദീകരേ, സഹോദരീസഹോദരന്മാരേ,

പന്തക്കുസ്താ ഞായറാഴ്ച നമ്മൾ ആരാധനക്രമവത്സരത്തിലെ ശ്ലീഹാക്കാലത്തിലേക്ക് പ്രവേശിക്കുകയാണ്. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ഉയർപ്പിന്റെ അമ്പതാം ദിവസമാണ് പന്തക്കുസ്താ. 'പന്തക്കുസ്ത' എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം 'അമ്പത്' എന്നാണ്. യഹൂദപാരമ്പര്യത്തിൽ വിളവെടുപ്പിന് അരിവാൾ വയ്ക്കുകയും ഫലം ശേഖരിക്കുകയും ചെയ്യുന്ന ദിവസമാണ് പന്തക്കുസ്തായെങ്കിൽ പുതിയ നിയമത്തിൽ അത് മൂർച്ചയേറിയ ഇരുതലവാൾപോലെ പരിശുദ്ധ റൂഹാ ഇറങ്ങിവന്നതിന്റെ അനുസ്മരണമാണ്.

നസ്രായനായ ഈശോയുടെ നാമത്തിൽ, അവന്റെ അമ്മയുടെയും ശ്ലീഹന്മാരുടെയും കൂട്ടായ്മയിലുള്ള പ്രാർത്ഥനയിലാണ് (നടപടി 1:14) റൂഹാദ്ക്കുദ്ശായുടെ ശക്തമായ പ്രവർത്തനം വെളിപ്പെടുന്നത്. പന്തക്കുസ്തയിലാണ് സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്. സ്വർഗ്ഗത്തിലേക്ക് കരേറിയ ഈശോയുടെ ഏറ്റവും വലിയ ആശീർവാദമാണ് പന്തക്കുസ്ത. ഈശോ സ്വർഗ്ഗാരോഹണം ചെയ്തത് പാറക്ലേത്തായെ അയക്കാനാണ്. പരിശുദ്ധ റൂഹാ മറിയത്തിൽ ആവസിച്ചപ്പോൾ മിശിഹായുടെ മനുഷ്യശരീരത്തിനു ജന്മമേകിയെങ്കിൽ അതേ പരിശുദ്ധ റുഹാ ആരാധകനാസമൂഹത്തിൽ വന്ന് നിറഞ്ഞപ്പോൾ പരിശുദ്ധ സഭ രൂപപ്പെടുന്നത് നമ്മൾ ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിൽ വായിക്കുന്നു. ഒരു തള്ളക്കോഴിയെപ്പോലെ ശ്ലീഹന്മാരുടെമേൽ അടയിരുന്ന് ദൈവാത്മാവിന്റെ ചൂടിനാൽ സഭയെ വിരിയിച്ചത് പരിശുദ്ധ അമ്മയാണെന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. പോപ്പ് എമരിറ്റസ് ബനഡിക്റ്റ് പതിനാറാമന്റെ വാക്കുകളിൽ പറഞ്ഞാൽ ''പരിശുദ്ധ റൂഹാ ഇല്ലാതെ തിരുസ്സഭയില്ല എന്നാൽ പരിശുദ്ധ കന്യകാ മറിയം ഇല്ലാതെ പന്തക്കുസ്തയില്ല'.

സത്യാത്മാവും ജീവദാതാവുമായ റൂഹാദ്ക്കുദ്ശാ ദൈവസ്നേഹം വ്യക്തിത്വം ധരിച്ചതാണ്. റൂഹാദ്ക്കുദ്ശാ ജീവദാതാവായ സ്നേഹമാണ് (DIM 2). റൂഹാദ്ക്കുദ്ശാ സ്നേഹമായതിനാൽ സ്നേഹത്തിന്റെ പ്രവർത്തികളാണ് റൂഹാദ്ക്കുദ്ശായുടേത്.

ത്രിത്വൈക ദൈവം തന്നെത്തന്നെ മനുഷ്യർക്കു നൽകുന്നത് റൂഹാദ്ക്കുദ്ശായിലാണ് (DV 1). പരിശുദ്ധ ത്രിത്വത്തിന്റെ സത്യവും, സ്വർഗ്ഗത്തിന്റെ വഴിയും ശ്ലീഹന്മാർ അറിഞ്ഞത് റൂഹാദ്ക്കുദ്ശായിലൂടെയാണ്. സത്യത്തിന്റെ ആത്മാവായ റൂഹായിൽ നിന്ന് വളരെ ഉന്നതവും ഉത്കൃഷ്ടവുമായ നന്മകൾ നമുക്ക് ലഭിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിലെ ദൈവീക രഹസ്യങ്ങൾ പരിശുദ്ധ റൂഹായാണ് നമ്മുക്ക് വെളിപ്പെടുത്തിതരുന്നത്. ഈശോ പ്രഘോഷിച്ച അതേ സുവിശേഷത്തിന്റെ അദ്ധ്യാപകനാണ് റൂഹാദ്ക്കുദ്ശാ. അദൃശ്യനാണെങ്കിലും, സഭാമദ്ധ്യേ എപ്പോഴും സന്നിഹിതനായിരിക്കുന്ന റൂഹായാണ് വിശ്വാസികളുടെ പരമോന്നത വഴികാട്ടി (DV 6). റൂഹാ സഹായകനാണ്, മദ്ധ്യസ്ഥനാണ്, അഭിഭാഷകനാണ്. ഈശോയാണ് ഒന്നാമത്തെ സഹായകൻ. പരിശുദ്ധ റൂഹാ രണ്ടാമത്തെ സഹായകനാണ്. മിശിഹാ സഭയുടെ ശിരസ്സായിരിക്കുന്നതുപോലെ റൂഹാദ്ക്കുദ്ശാ സഭയുടെ ആത്മാവാണ് (soul). ഒരു മനുഷ്യന്റെ ശരീരത്തിൽ ഹൃദയമെങ്ങനെയോ അങ്ങനെയാണ് തിരുസ്സഭയിൽ റൂഹാദ്ക്കുദ്ശാ. സഭയെ നിലനിർത്തുകയും, ഒന്നിപ്പിക്കുകയും, ജീവിപ്പിക്കുകയും, ശക്തിപ്പെടുത്തുകയും, വളർത്തുകയും ചെയ്യുന്നത് റൂഹായാണ്. തെറ്റിന്റെയും, വിഭജനത്തിന്റെയും, തിന്മയുടെയും, ദുഷ്ടതയുടെയും, അശുദ്ധിയുടെയും, അന്ധകാരത്തിന്റെയും അരൂപിയെ തടയാനും പരാജയപ്പെടുത്താനും സാധിക്കുന്നത് റൂഹാദ്ക്കുദ്ശായ്ക്കാണ്.

ദൈവപുത്രരായി ദത്തെടുക്കപ്പെട്ടവരുടെ ആത്മാക്കൾ വിശുദ്ധിയുടെ ഉറവിടമായ റൂഹാദ്ക്കുദ്ശായാൽ വിശുദ്ധിയിൽ പൂർണ്ണരാക്കപ്പെടുന്നു. മാമ്മോദീസായിലൂടെ വിശ്വാസിയുടെ ആത്മാവിൽ റൂഹാദ്ക്കുദ്ശാ സന്നിഹിതനായി ആ ആത്മാവിനെ റൂഹാദ്ക്കുദ്ശായെപ്പോലെ ആക്കുന്നു. "ആത്മാവിൽ നിന്ന് ജനിക്കുന്നത് ആത്മാവാണ്." (യോഹ 3:6). റൂഹാ എല്ലാ പാപങ്ങളുടെയും മോചനമാണ്. നമ്മൾ പ്രകാശിതരാകുന്നതും സ്നേഹത്താൽ ജ്വലിക്കുന്നതും റൂഹാദ്ക്കുദ്ശായിലാണ്. റൂഹാ നീതിമാന്മാരുടെ ആത്മാക്കളിൽ നിഗൂഢമായി വസിക്കുകയും സഭയിൽ പരസ്യമായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഓരോ വിശ്വാസിയേയും തിരുസ്സഭയേയും ദൈവഹിതം നിറവേറ്റാൻ റൂഹാദ്ക്കുദ്ശാ നിർബന്ധിക്കുന്നു. റൂഹാദ്ക്കുദ്ശായുടെ ദാനങ്ങളാൽ നിറഞ്ഞ വ്യക്തികൾക്കാണ് ദൈവഹിതം നിറവേറ്റാൻ സാധിക്കുന്നത്. അറിവില്ലാത്തവരും ഭീരുക്കളും ദു:ഖിതരും നിരാശരുമായിരുന്ന ശ്ലീഹന്മാരെ റൂഹാ വഴിയാണ് മിശിഹാ അറിവും ആത്മധൈര്യവും സന്തോഷവും പ്രത്യാശയുമുള്ളവരാക്കിയത്. റൂഹായുടെ നിറവിലാണ് ശ്ലീഹന്മാർ പുതിയ ഉടമ്പടിയുടെ സന്ദേശവുമായി ലോകമെങ്ങും പോകുകയും സഭാ സമൂഹങ്ങൾക്ക് അടിസ്ഥാനമിടുകയും ചെയ്തത്. ശ്ലീഹന്മാരുടെ ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രസംഗങ്ങളും, കർത്താവായ ഈശോ മിശിഹായെക്കുറിച്ചുള്ള പഠനങ്ങളും ശ്രവിച്ച് (നടപടി 28:31) വിശ്വാസികളായവരുടെ സമൂഹം, ഒരു ഹൃദയവും ഒരു ആത്മാവുമായിരുന്നു (നടപടി 4:32). "ആനന്ദത്താലും റൂഹായാലും നിറഞ്ഞവരായിരുന്നു ശ്ലീഹന്മാരും വിശ്വാസികളും" (നടപടി 13:52). ഈശോയുടെ നാമത്തെ പ്രതി ക്ലേശങ്ങൾ സഹിക്കുന്നതിൽ സന്തോഷം കണ്ടെത്തുവാൻ തക്ക

വിധം റൂഹാ ശ്ലീഹന്മാരിൽ ആന്തരിക പരിവർത്തനം നടത്തി. ലോകത്തെയും ലോകവസ്തുക്കളെയും ഉച്ചിഷ്ടമായി കരുതുവാനും റൂഹാ അവരെ പ്രാപ്തരാക്കി. സുവിശേഷത്തിന് സാക്ഷ്യം വഹിക്കാനും അതിനായി എല്ലാ കഷ്ടപ്പാടുകളും സഹിക്കുവാനും, ജീവൻ വെടിയാനും വരെ റൂഹാ ശ്ലീഹന്മാരെയും വിശ്വാസികളെയും ശക്തരാക്കി.

'ശ്ലീഹാ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'അയക്കപ്പെട്ടവൻ' എന്നാണ്. ക്രൂശിതനും ഉത്ഥിതനുമായ കർത്താവിന്റെ, സ്വർഗ്ഗത്തിന്റെ നാവുകളായാണ് ശ്ലീഹന്മാർ ഭൂമിയുടെ എല്ലാ ഭാഗത്തും എത്തിയത്. തിരുവചനം കേൾക്കാൻ ഭാഗ്യം ലഭിച്ചവരെ നല്ല ഇടയനായ ഈശോയുടെ ഏകതൊഴുത്തിൽ പ്രവേശിപ്പിച്ച് സ്വർഗ്ഗരാജ്യത്തിന് അവകാശികളാക്കുകയാണ് ശ്ലീഹന്മാർ ചെയ്തത്. ഈശോയെക്കുറിച്ചുള്ള സുവിശേഷ പ്രസംഗം കേട്ട് വിശ്വസിക്കുന്നവരെല്ലാം ഈശോയുടെ സ്നേഹിതരും, ദൈവപുത്രരും, ദൈവഭവനത്തിലെ അംഗങ്ങളും, റൂഹാദ്ക്കുദ്ശായുടെ ആലയങ്ങളുമാകുന്നു. മിശിഹായുടെ ആത്മാവില്ലാത്തവൻ മിശിഹായ്ക്കുള്ളവനല്ല. (റോമാ 8:9).

മുകളിൽ വിവരിച്ചതുപോലെ, പരിശുദ്ധ റൂഹായുടെ പ്രവർത്തനങ്ങൾ, ശ്ലീഹന്മാരും സഭയും തമ്മിലുള്ള ശക്തമായ ബന്ധം, ആദിമസഭയുടെ ചൈതന്യവും കൂട്ടായ്മയും, സഭയുടെ പ്രേഷിത സ്വഭാവവും ദൗത്യവുമാണ് ശ്ലീഹാക്കാലത്തിന്റെ പ്രധാന ധ്യാനവിഷയങ്ങൾ.

മെയ് മാസം മുപ്പതാം തീയതിയാണ് ഈ വർഷം സ്വർഗ്ഗാരോഹണ തിരുനാൾ. അതിന്റെ പിറ്റേ ദിവസം മുതൽ പന്തക്കുസ്താ വരെ പരിശുദ്ധ അമ്മയും ശ്ലീഹന്മാരും ചെയ്തതുപോലെ നമ്മളും ഉപവാസത്തിലും പ്രാർത്ഥനയിലും മുഴുകണം. ദൈവപരിപാലനയിൽ ഈ വർഷം നമ്മുക്ക് രൂപതയുടെ തീർത്ഥാടനത്തിന്റെ ഭാഗമായി ലൂർദ്ദിൽ സ്വർഗ്ഗാരോഹണതിരുനാൾ ആഘോഷിക്കാൻ സാധിക്കുന്നു. അതുപോലെ പന്തക്കുസ്തായ്ക്ക് ഒരുക്കമായുള്ള നൊവേന അവിടെ തന്നെ ദൈവമാതാവായ കന്യകാമറിയത്തിന്റെ സന്ദർശനത്തിരുനാളായ മെയ് 31-ാം തീയതി ആരംഭിക്കുന്നതുമാണ്. വചനം കേട്ട് ആമ്മേൻ പറഞ്ഞ് ദൈവത്തെ സംവഹിക്കുന്ന കന്യകാമറിയം എലിസബത്തിനെ സന്ദർശിച്ച് അഭിവാദനം ചെയ്തപ്പോൾ അവളും ഗർഭസ്ഥ ശിശുവായ സ്നാപകയോഹന്നാനും റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞവരായി (ലൂക്കാ 1:40, 43) എന്ന കാര്യം നമ്മൾ പ്രത്യേകം അനുസ്മരിക്കണം.

പന്തക്കുസ്തായ്ക്കു ഒരുക്കമായി ജൂൺ അഞ്ച്, ആറ് തീയതികളിൽ നമ്മുടെ രൂപതയിലെ വൈദീകർ കത്തീഡ്രലിൽ ഒന്നിച്ചു ചേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതാണ്. ആറാം തീയതി അമലോത്ഭവയുടെ വിശുദ്ധ അൽഫോൻസാ കത്തീഡ്രലിൽ വെച്ച് രൂപതയിലെ വൈദീകരോടും സമർപ്പിതരോടും അല്മായ പ്രതിനിധികളോടുമൊപ്പം ഞാൻ വിശുദ്ധ മൂറോൻ ആശീർവദിക്കുന്നതുമാണ്. അന്നേ ദിവസം നിങ്ങളെല്ലാവരും പ്രാർത്ഥനയിൽ എന്നോടൊപ്പം ഒന്നിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

ഈ അവസരത്തിൽ 1895ൽ വിശുദ്ധ ലെയോ പതിമൂന്നാമൻ പാപ്പാ പന്തക്കുസ്തയ്ക്കു ഒരുക്കമായി നോവേന നടത്താൻ ആവശ്യപ്പെട്ട കാര്യം അനുസ്മരിക്കുന്നു. വിശ്വാസികൾ കുമ്പസാരിച്ച് പ്രസാദവരത്തിൽ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത്, വിശുദ്ധ കുർബാന സ്വീകരിച്ച്, മാർപാപ്പയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുമ്പോൾ, നൊവേനയുടെ ഓരോ ദിവസവും, ഏഴു വർഷത്തേയും ഇരുന്നൂറ്റിയെൺപത് ദിവസത്തെയും പൂർണ്ണ ദണ്ഡവിമോചനം ലഭിക്കും. സഭയുടെ ആത്മീയ നിക്ഷേപത്തിൽ നിന്നാണ് നമ്മുക്ക് ദണ്ഡവിമോചനം ലഭിക്കുന്നത്. ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്ക് ദണ്ഡവിമോചനം ലഭിക്കാനും ഇപ്രകാരം സഭ നിർദ്ദേശിച്ച കാര്യങ്ങൾ ഓരോ വിശ്വാസിക്കും നിർവ്വഹിക്കാവുന്നതാണ്. പന്തക്കുസ്താ ഞായറാഴ്ചയും തുടർന്നുള്ള എട്ടു ദിവസങ്ങളിലും മുകളിൽ പറഞ്ഞതുപോലെ ഓരോ ദിവസവും, ഏഴു വർഷത്തേയും ഇരുന്നൂറ്റിയെൺപത് ദിവസത്തെയും പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്നതാണ്. 124 വർഷം മുമ്പ് വിശുദ്ധ ലെയോ പതിമൂന്നാമൻ പാപ്പ പ്രഖ്യാപിച്ച ഈ വലിയ ആത്മീയ ഫലങ്ങൾ നേടിയെടുക്കുവാൻ നമ്മുടെ രൂപതയിലെ എല്ലാ വൈദീകരും സമർപ്പിതരും വിശ്വാസികളും പരിശ്രമിക്കുമല്ലോ.

നമ്മുടെ രൂപത നടത്തുന്ന മരിയൻ തീർത്ഥാടനങ്ങളും പന്തക്കുസ്തായ്ക്കു ഒരുക്കമായുള്ള നൊവേന പ്രാർത്ഥനകളും ഒരു നവമായ പന്തക്കുസ്തായിലേക്കും സുവിശേഷവൽക്കരണത്തിലേക്കും നമ്മെ ഓരോരുത്തരേയും നമ്മുടെ രൂപതയേയും നയിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. "അങ്ങേ അരൂപിയെ അയയ്ക്കുക: അപ്പോൾ എല്ലാം സൃഷ്ടിക്കപ്പെടുകയും ഭൂമുഖം പുതുതാക്കപ്പെടുകയും ചെയ്യും" (സങ്കീ 104:30). നമ്മുടെ രൂപതയുടെ രണ്ടാമത് എയിൽസ്ഫോർഡ് തീർത്ഥാടന വേളയിൽ റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞ കർമ്മലമലയിലെ കന്യകാമറിയത്തിന് രൂപതയേയും നിങ്ങളെ ഓരോരുത്തരേയും പ്രതിഷ്ഠിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധ റൂഹായുടെ സംസർഗ്ഗവും നിങ്ങളോടുകൂടെ ഉ ായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

പ്രസ്റ്റൺ, 25/05/2019

---

NB: ഈ ഇടയലേഖനം ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2019 ജൂൺ 30 ന് മുമ്പ് വായിക്കേ താണ്.